പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 721 26.7.2007 ൽ മറുപടിക്ക്

## സിമന്റിന്റെ നികുതി വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. പി.സി.വിഷ്ണുനാഥ് | ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സിമൻറിന് തീരുവയോ നികുതിയോ വർദ്ധിപ്പിച്ചിട്ടുണ്ടോ; | (എ) സിമന്റിന് നികുതി വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്രസർക്കാർ തീരുവയിൽ മാറ്റം വരുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര ശതമാനം വർദ്ധിപ്പിച്ചു ; | (ബി) സംസ്ഥാന സർക്കാർ സിമന്റിന് നികുതി വർദ്ധിപ്പിച്ചിട്ടില്ല. |
| (സി) ഇപ്പോൾ വർദ്ധിപ്പിച്ചതുൾപ്പെടെ സിമന്റിന്റെ നികുതിയും തീരുവയും എത്രയാണെന്ന് അറിയിക്കുമോ; | (സി) കേരള മൂല്യവർദ്ധിത നികുതി നിയമം അനുസരിച്ച് സിമൻറിൻെറ നികുതി നിരക്ക് 12.5 ശതമാനമാണ്. ഓരോ ഉല്പന്നങ്ങളുടെയും തീരുവ നിശ്ചയിക്കുന്നത് കേന്ദ്രസർക്കാറാണ്. |
| (ഡി) നിർമ്മാണ രംഗത്തെ പ്രതിസന്ധി നേരിടുന്നതിനായി സിമന്റിന്റെ വർദ്ധിപ്പിച്ച തീരുവയും നികുതിയും കുറയ്ക്കുമോ? | (ഡി) 1.4.2005 മുതൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം സിമന്റിന്റെ നികുതി നിരക്ക് 12.5ശതമാനമായി ആയി കുറയുകയാണുണ്ടായത്. തീരുവ സംസ്ഥാന സർക്കാറിൻെറ അധികാരപരിധിയിൽപ്പെടുന്ന വിഷയമല്ല. എങ്കിലും നിർമ്മാണരംഗത്തെ പ്രതിസന്ധി കണക്കിലെടുത്ത് സിമന്റിൻെറ വില കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.722. 26.7.2007-ൽ മറുപടിയ്ക്ക്

ജൈവ മത്സ്യകൃഷി

ചോദ്യം

ശ്രീ.ബാബു പോൾ :
ശ്രീ.പി.തിലോത്തമൻ :
ശ്രീ.എ.കെ.ചന്ദ്രൻ :
ശ്രീ.രാജാജി മാത്യു തോമസ് :

മറുപടി

ശ്രീ. എസ്.ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ജൈവമത്സ്യകൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്കു തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാന മത്സ്യവകുപ്പ് തുടക്കം കുറിച്ചിട്ടില്ല. |
| (ബി) ഇതിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച സഹായം എത്രയാണെന്നുവെളിപ്പെടുത്തുമോ ; | (ബി) ഇല്ല. |
| (സി) ജൈവമത്സ്യകൃഷിയെക്കുറിച്ച് പഠിക്കുന്നതിന് കേന്ദ്ര വിദഗ്ദ്ധ സംഘം സംസ്ഥാനത്ത് എത്തിയതെപ്പോഴാണ്; ഈ വിദഗ്ദ്ധ സംഘത്തിന്റെ റിപ്പോർട്ട് എന്തായിരുന്നുവെന്നു വിശദമാക്കുമോ ? | (സി) ജൈവമത്സ്യകൃഷിയെക്കുറിച്ച് പഠിക്കാനായി വിദഗ്ദ്ധസംഘം കേരളത്തിൽ വന്നതായി സംസ്ഥാന മത്സ്യവകുപ്പിന് അറിവില്ല. |

Rajasekhar

സെക്ഷൻ ഓഫീസർ

---

/

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 723 26.7.2007-ലെ മറുപടിക്ക്

**' പട്ടികജാതിക്കാർക്ക് കൃഷി ഭൂമി വാങ്ങുന്നതിനുള്ള വായ്പ '**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. വി.ശശികുമാർ:<br>ശ്രീ. കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ. ബാബു എം.പാലിശ്ശേരി:<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങുന്നതിന് വായ്പ നൽകുന്നതിനായുള്ള നിലവിലുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കുന്നത് ; | (എ) കൃഷിഭൂമി വാങ്ങുന്നതിന് വായ്പ നൽകുന്ന പദ്ധതി പട്ടികജാതി വികസന വകുപ്പ് വഴി ഇപ്പോൾ നടപ്പാക്കുന്നില്ല.ഈ സാമ്പത്തികവർഷം (2007-08) പട്ടികജാതിയിൽപ്പെട്ട കർഷകതൊഴിലാളികൾക്ക് കൃഷിഭൂമി വാങ്ങുവാൻ 50 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കുന്നതാണ്. 25 സെൻറ് കര ഭൂമിയോ, 50 സെന്റ് കൃഷിഭൂമിയോ വാങ്ങുന്നതിന് പരമാവധി 50,000/- രൂപവരെ സബ്സിഡി നൽകുന്നതാണ് പദ്ധതി. വകുപ്പ് നേരിട്ട് നടത്തുന്നതാണ് ഈ പദ്ധതി. സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ വഴി പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ കർഷക തൊഴിലാളികൾക്കായി 1.50 ലക്ഷം രൂപ പദ്ധതി തുകയുള്ള കൃഷി ഭൂമി വായ്പാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിൽ 50,000/- രൂപവരെ പരമാവധി സബ്സിഡിയായി നൽകി വരുന്നു. |

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഒരു കുടുംബത്തിന് എത്ര രൂപയാണ് നൽകുന്നത് ; ഇതിൽ വായ്പയും ഗ്രാന്റും എത്ര രൂപ വീതമാണ് ;

(ബി) സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകുന്ന ഈ പദ്ധതിയിൻകീഴിലുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് പരമാവധി 1,00,000/- രൂപ വായ്പയായും 50,000/- രൂപ സബ്സിഡിയായും നൽകിവരുന്നു.

(സി) കൃഷിഭൂമി വാങ്ങുന്നതിന് തിരിച്ചടയ്ക്കേണ്ടതില്ലാത്ത ആനുകൂല്യമായി തുക അനുവദിക്കുവാൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തു തുക അനുവദിച്ചിട്ടുണ്ട് ; ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പിലാക്കുന്നത് ;

(സി) പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ 2007-08 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 50,000/- രൂപ വരെ സബ്സിഡിയായി നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) ഇതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

(ഡി) സ്വന്തമായി ഭൂമി ഇല്ലാത്തവരോ, അല്ലെങ്കിൽ വളരെ കുറച്ച് ഭൂമി മാത്രം സ്വന്തമായുള്ള പട്ടികജാതിക്കാരായ കർഷക തൊഴിലാളികളെയാണ് തെരഞ്ഞെടുക്കുന്നത്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 724 26-07-2007 ൽ മറുപടിയ്ക്ക്

മലബാർ കാൻസർ സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.,കുഞ്ഞിരാമൻ<br>" സി.കെ.പി.പത്മനാഭൻ<br>" പി.ജയരാജൻ<br>" എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) മലബാർ പ്രദേശത്തെ കാൻസർ രോഗികളുടെ ആശാകേന്ദ്രമായ മലബാർ കാൻസർ സെന്ററിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായി എന്തു തുക അനുവദിച്ചു; | (എ) 2006-07 ബഡ്ജറ്റിൽ മലബാർ കാൻസർ സെന്ററിന് പ്ലാൻ ഇനത്തിൽ 6 കോടിരൂപയും(5 കോടിരൂപ അഡീഷണൽ കേന്ദ്ര വിഹിതമുൾപ്പെടെ) നോൺ പ്ലാൻ ഇനത്തിൽ 105.95 ലക്ഷം രൂപയും അനുവദിച്ചു. 2007-08 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഇനത്തിൽ 40 ലക്ഷം രൂപയും നോൺപ്ലാനിനത്തിൽ 116.54 ലക്ഷം രൂപയും ഉപധനാഭ്യർത്ഥനയിലൂടെ 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്ലാനിനത്തിലുള്ള തുക വിനിയോഗിച്ചുകൊണ്ട് സെന്ററിൽ ഉദ്ദേശം 5.30 കോടിരൂപ ചെലവഴിച്ച് ചികിത്സക്കും, രോഗ നിർണ്ണയത്തിനു മാവശ്യമായ HDR ബ്രാക്കി തെറാപ്പി സ്റ്റിമുലേറ്റർ സി.ടി.സ്കാനർ മുതലായ മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത മെഷീനുകൾ സ്ഥാപിക്കുന്നതിനാവശ്യമായ റേഡിയോളജി ബ്ലോക്കിന്റെ നിർമ്മാണവും അന്തിമ ഘട്ടത്തിലാണ്. ഇതിനായി ഉദ്ദേശം 102.60 ലക്ഷം രൂപ ചെലവുവരുമെന്നു പ്രതീക്ഷിക്കുന്നു. കൂടാതെ മലബാർ കാൻസർ സെന്ററിന്റെ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുവാനും ഭാവി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ ഒരു കാന്റീൻ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി എം.എൽ.എ. മാരുടെ സ്പെഷ്യൽ ഫണ്ടിൽ നിന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ.(ആഭ്യന്തര വകുപ്പ് മന്ത്രി) 6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

(ബി) കാൻസർ സെന്ററിനായി കേന്ദ്രസർക്കാരിൽ നിന്നും സഹായം ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുക സഹായമായി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) മലബാർ കാൻസർ സെന്ററിന്റെ ഭാവി വികസനത്തിനുവേണ്ടി പണം സ്വരൂപിക്കുന്നതിനായി 90 കോടിരൂപ യുടെ ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സെന്ററിന് ഒരു ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനും അതിനാവശ്യമായ കെട്ടിട നിർമ്മാണത്തിനുമായി 9 കോടിരൂപയുടെ ഒരു പദ്ധതിയും കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ടുപദ്ധതികളും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. 2006-07 വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അഡീഷണൽ വിഹിതമായി 5 കോടിരൂപ ലഭിച്ചു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 725 26.07.2007 -ൽ മറുപടിയ്ക്ക്

## ദേശീയ വനവൽക്കരണ പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എം. ഹംസ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ; | (എ) | സ്വാഭാവിക വനവത്ക്കരണം (എ.എൻ.ആർ), കൃത്രിമ വനവൽക്കരണം (എ.ആർ), മിശ്രിതത്തോട്ട വികസനം, മുളങ്കാടുകൾ, ചൂരൽ നടീൽ, ഔഷധ ഗുണവും തടിയേതര മൂല്യവുമുള്ള വൃക്ഷങ്ങൾ വളർത്തൽ, ഔഷധമൂല്യമുള്ള ദീർഘകാല സസ്യജാലങ്ങളുടെ പുനരുജ്ജീവനം എന്നീ തൈനടീൽ പദ്ധതികളും, മണ്ണ് ജലസംരക്ഷണം, സൂക്ഷ്മാസൂത്രണം, വേലികെട്ടൽ, ബോധവൽക്കരണം, എൻട്രി പോയിന്റ് ആക്ടിവിറ്റീസ് (ഇ.പി.എ) എന്നീ അനുബന്ധ പദ്ധതികളും ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായി നടത്തുന്നു. |
| (ബി) | ഇതിന് കേന്ദ്ര സഹായമായി എന്തു തുക ലഭിച്ചു ; | (ബി) | ഇതിന് കേന്ദ്ര സഹായമായി 2002-03 മുതൽ 2006-07 വരെ 1671.83 ലക്ഷം രൂപ ലഭിച്ചു. |
| (സി) | പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത് ; | (സി) | വനംഡിവിഷൻ തലത്തിലുള്ള ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയും അതിലെ അംഗങ്ങളായ വനസംരക്ഷണ സമിതികളും, ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും മുഖേന യാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ഡി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര ശുഷ്ക്കവനങ്ങളിൽ വനവൽക്കരണം നടത്തി ; | (ഡി) | കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 7171.36 ഹെക്ടർ ശുഷ്ക്കവനങ്ങളിലാണ് വനവൽക്കരണം നടത്തിയത്. |

(ഇ) ഏതെല്ലാം മരങ്ങളാണ് ഇവിടെ നട്ടുവളർത്തുന്നത്;

(ഇ)

| | |
|---|---|
| സ്വാഭാവിക വനവത്ക്കരണം (എ.എൻ.ആർ) | കമ്പകം, ഈറാവ്, പൂവണ്ണ്, വേങ്ങ, താന്നി, തേമ്പാവ്, വെള്ളപൈൻ, മാവ്, ആഞ്ഞിലി, മൈല, നെല്ലി, ഞാവൽ, മഹാഗണി, ചൊന്നാമ്പ്, അകിൽ, കണിക്കൊന്ന, മുള, മണിമരുത്, കുമ്പിൾ, കരിവേങ്ങ മുതലായവ |
| [illegible] വികസനം | കുമ്പിൾ, നെല്ലി, പതിമുഖം, ഉങ്ങ്, പുല്ലുവർഗ്ഗത്തിൽപ്പെട്ട മറ്റു ചെടികൾ. |
| മുള | മുള |
| ചൂരൽ | ചൂരൽ |
| കൃത്രിമ വനവത്ക്കരണം (എ.ആർ) | പീട്ടാവ്, കുടംപുളി, നെല്ലി, കണിക്കൊന്ന, കരിങ്ങാലി, പതിമുഖം, കുമ്പിൾ, കമ്പകം, ഈറാവ്, വേങ്ങ, താന്നി, ആഞ്ഞിലി, മൈല, തേമ്പാവ്, പൂവണ്ണ്, മാവ് മുതലായവ. |
| ഔഷധഗുണവും തടിയെന്ന മൂല്യവുമുള്ള വൃക്ഷങ്ങൾ | കുമ്പിൾ, താന്നി, വേങ്ങ, നെല്ലി, പതിമുഖം, കൂവളം, കരിങ്ങാലി, ചൊന്നാമ്പ്, കുന്തിരിക്ക പൈൻ, വെള്ള പൈൻ മുതലായവ. |
| ഔഷധ മൂല്യമുള്ള ദീർഘകാല സസ്യങ്ങൾ | ചിറ്റരത്ത, കോലിഞ്ചി, കച്ചോലം, കസ്തൂരിമഞ്ഞൾ, കാട്ടു കുരുമുളക്, ആരോഗ്യപച്ച, രാമച്ചം, കുറുന്തോട്ടി, ആടലോടകം, തിപ്പലി മുതലായവ. |

(എഫ്) കൂടുതൽ മേഖലകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രാനുമതി തേടിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

(എഫ്) കൂടുതൽ മേഖലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ഇതിനായി ആനമുടി, പീച്ചി, പറമ്പിക്കുളം, മറയൂർ എന്നീ പുതിയ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ പദ്ധതി രൂപരേഖ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 726 — 26.7.2007 ന് മറുപടിക്ക്

## കഞ്ചാവുകൃഷി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.ബി.ഡി.ദേവസ്സി: | ശ്രീ. ബിനോയ് വിശ്വം<br>(വനവും വന്യജീവിസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയെല്ലാം വനമേഖലകളിൽ കഞ്ചാവുകൃഷി നടക്കുന്നതായികണ്ടെത്തുകയും നശിപ്പിക്കുകയും ചെയ്തുവെന്നു വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റാന്നി, മൂന്നാർ, മറയൂർ, മാങ്കുളം, മണ്ണാർക്കാട്, നിലമ്പൂർ നോർത്ത്, പാലക്കാട് എന്നി ഡിവിഷനുകളിൽപ്പെട്ട ചില ഉൾ വന പ്രദേശങ്ങളിൽ കഞ്ചാവ് കൃഷി കണ്ടെത്തുകയും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) കഞ്ചാവുകൃഷിക്ക് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായം ലഭിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) കഞ്ചാവ് കൃഷിക്ക് വനം വകുപ്പുദ്യോഗസ്ഥരുടെ സഹായം ലഭിക്കുന്നതായ സംഭവങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ കഞ്ചാവ് കൃഷി നടക്കുന്നത് സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി ശേഖരിക്കുവാനും കഞ്ചാവ് കൃഷി യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുവാനും വീഴ്ച വരുത്തിയ 3 ജീവനക്കാരെ സർവീസിൽ നിന്ന് സസ്പെൻഡു ചെയ്ത് അച്ചടക്ക നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്. |

(..2/-)

സി) വനസംരക്ഷണ സമിതിയുടെ പ്രവർത്തനം കഞ്ചാവുകൃഷി നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിന് സഹായകമായിട്ടുണ്ടോ യെന്ന് വെളിപ്പെടുത്തുമോ?

സി) കഞ്ചാവ് കൃഷി നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വനസംരക്ഷണ സമിതികളുടെ പ്രവർത്തനം സഹായകമാകുന്നുണ്ട്.

പിണറായി വിജയൻ.

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

26-7-2007 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 727

## പ്രവാസി ഇന്ത്യക്കാർക്കായി കെ.എസ്.എഫ്.ഇ ചിട്ടികൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എം. മുരളി<br>പ്രൊഫ. കെ.വി. തോമസ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ഡോ.ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പു മന്ത്രി) |
| എ) പ്രവാസി ഇന്ത്യക്കാർക്കായി ചിട്ടി ആരംഭിക്കുന്നതിന് കെ.എസ്.എഫ്. ഇ. ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉദ്ദേശിക്കുന്നുണ്ട്. |
| ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) നോൺ ബാങ്കിംഗ് സ്ഥാപനമായ കെ.എസ്.എഫ് ഇ യ്ക്ക് ചിട്ടിയിലൂടെ വിദേശ വിനിമയം നടത്തുവാനുള്ള ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിലെ (FEMA) വ്യവസ്ഥകളിലെ തടസ്സങ്ങൾ ഒഴിവാക്കി കിട്ടുന്നതിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. |
| സി) വിദേശത്തു നിന്നും നേരിട്ട് പണം സ്വീകരിക്കുന്നതിന് ആവശ്യമായ കേന്ദ്രാനുമതി തേടിയിട്ടുണ്ടോ; | സി) കേന്ദ്രാനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ഡി) എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ; | ഡി) അനുമതി ലഭിച്ചിട്ടില്ല. |
| ഇ) എൻ.ആർ.ഐ. ചിട്ടി തുടങ്ങുന്നതിന് നിലവിലുള്ള റിസർവ്വ് ബാങ്ക് ചട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | ഇ) എൻ.ആർ.ഐ. കൾക്ക് ഫെമാ അനുസരിച്ച് ചിട്ടിയിലേയ്ക്ക് നേരിട്ട് പണമടയ്ക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 728 — 26.7.07- ൽ മറുപടിയ്ക്ക്

സുരക്ഷാ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.കെ.പ്രേംനാഥ് :<br>ശ്രീ.കെ.പി.മോഹനൻ :<br>ശ്രീ.ജോസ് തെറ്റയിൽ :<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി നടപ്പിലാക്കുന്ന സുരക്ഷാ ഭവന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | എ)21.3.05 ലെ (എം.എസ്) 9/05/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം സമൂഹത്തിലെ സാമ്പത്തികമായി ഏറ്റവും ദുർബല വിഭാഗത്തിൽപ്പെടുന്ന സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പാവപ്പെട്ടവർക്ക് വേണ്ടി സന്നദ്ധ സംഘടനകളുമായി ഒത്തുചേർന്ന് സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് സുരക്ഷാഭവന പദ്ധതി. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന സന്നദ്ധ സംഘടനകൾ സ്ഥലവും വീടും ഇല്ലാത്ത ഗുണഭോക്താവിന് സ്ഥലവും വീടും വാങ്ങുന്നതിന് ധനസഹായം നൽകുകയോ സ്ഥലം വാങ്ങി വീടുവച്ചുനൽകുകയോ ചെയ്യേണ്ടതാണ്. 2 സെൻറ് സ്ഥലത്തിന് 6000 രൂപയും ഗുണഭോക്താവിൻെറ വിഹിതമായ 2000 രൂപയും സന്നദ്ധ സംഘടനയുടെ വിഹിതമായ 19000/- രൂപയും സർക്കാർ സബ്സിഡിയായ 9000 രൂപയും ഉൾപ്പെടെ 36000/- രൂപയാണ് 300 ചതുരശ്ര അടിയിൽ കുറയാൻ പാടില്ലാത്ത ഒരു വീടിൻെറ ചെലവായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ സർക്കാർ സബ്സിഡി വീടു നിർമ്മാണം കൂരമട്ടമാകുമ്പോൾ ബോർഡ് ഉദ്യോഗസ്ഥരുടെ പരിശോധനക്കുശേഷമാണ് വിതരണം ചെയ്യുന്നത്. ഈ പദ്ധതിയിൽ ഇതുവരെ 566 വീടുകൾക്ക് സർക്കാർ സബ്സിഡി നൽകിയിട്ടുണ്ട്. |

ബി) പദ്ധതിയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ബി) 2006-07 സാമ്പത്തിക വർഷത്തിൽ വീടു നിർമ്മാണം സ്പോൺസർ ചെയ്യുന്നതിന് മുന്നോട്ടുവന്ന 26 സംഘടനകൾക്ക് 2531 വീടുകൾ സ്പോൺസർ ചെയ്യുന്നതിന് 22.10.06 ലെ ബോർഡുയോഗം അനുമതി നൽകിയെങ്കിലും പല സംഘടനകളും വീടു നിർമ്മാണത്തിന് താൽപര്യം പ്രകടിപ്പിക്കുകയുണ്ടായില്ല. അതിനാൽ കൂടുതൽ സന്നദ്ധ സംഘടനകളെ പങ്കാളികളാക്കുന്നതിനുവേണ്ടി 5 സംഘടനകൾക്ക് 485 വീടുകളും 10 സംഘടനകൾക്ക് 2206 വീടുകളും വീണ്ടും അനുവദിച്ചു. ഒരു വീടു പോലും നിർമ്മിക്കാൻ തയ്യാറാകാഞ്ഞതിനാൽ നേരത്തെ അനുമതി ലഭിച്ച 15 സംഘടനകൾക്കു നൽകിയ 2950 വീടുകളുടെ സ്പോൺസർഷിപ്പ് റദ്ദു ചെയ്യുകയും ചെയ്തു. എന്നിരുന്നാലും 2006-07 സാമ്പത്തിക വർഷത്തിൽ 333 വീടുകൾക്ക് സർക്കാർ സബ്സിഡി നൽകിയിട്ടുണ്ട്.

സി) നടപ്പുസാമ്പത്തികവർഷം പദ്ധതി പ്രകാരം എന്തെല്ലാം പരിപാടികളാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

സി) നടപ്പുസാമ്പത്തിക വർഷം 156 ലക്ഷം രൂപ പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതുൾപ്പെടെ ആകെ 7311 വീടുകൾക്കാണ് സർക്കാർ സബ്സിഡി അനുവദിക്കാൻ കഴിയുന്നത്. നിലവിൽ 42 സംഘടനകൾക്കായി 6213 വീടുകളുടെ നിർമ്മാണത്തിന് സ്പോൺസർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിനോ സർക്കാരിനോ ബാദ്ധ്യതയില്ലാതെ ഗുണഭോക്താവ് വീടുവയ്ക്കുന്നതിനുവേണ്ടി വായ്പ എടുത്താലും സന്നദ്ധ സംഘടനകൾ അവർ നൽകേണ്ട മുഴുവൻ വിഹിതവും (19000 രൂപ) നൽകി കഴിഞ്ഞാൽ സർക്കാർ സബ്സിഡി (9000 രൂപ) അനുവദിക്കാവുന്നതാണെന്ന് 30.04.07 ൽ ബോർഡ് തീരുമാനിച്ച് സന്നദ്ധ സംഘടനകളെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം. നം. 729 26.07.2007 ൽ മറുപടിക്ക്**

**ബോണ്ട് പുറപ്പെടുവിച്ചുകൊണ്ട് പൊതുകടം**

**ചോദ്യം**

ശ്രീ. ജി. കാർത്തികേയൻ
ശ്രീ. കെ.സി. ജോസഫ്
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. വി.ഡി. സതീശൻ

**ഉത്തരം**

ബഹു: ധനകാര്യ വകുപ്പുമന്ത്രി
ഡോ. റ്റി.എം. തോമസ് ഐസക്

| | | |
|---|---|---|
| എ. | സംസ്ഥാനത്ത് ബോണ്ട് പുറപ്പെടുവിച്ചുകൊണ്ട് പൊതുകടം സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വാർഷിക ബജറ്റുകളിൽ സഞ്ചിത നിധിയിലേയ്ക്ക് ഒരു ഇനമായി പൊതുമാർക്കറ്റിൽ നിന്നും കടപ്പത്രം മുഖാന്തിരം വികസന വായ്പ സമാഹരിക്കാറുണ്ട്. നടപ്പ് വർഷത്തെ സംസ്ഥാന ബജറ്റിൽ ഇത്തരത്തിൽ 2101.38 കോടി രൂപ സംഭരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| ബി. | എങ്കിൽ എത്ര കോടി രൂപ ഇത്തരത്തിൽ സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | |
| സി. | ഇതിന് റിസർവ്വ് ബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | ഇതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. റിസർവ്വ് ബാങ്ക് വഴിയാണ് ഈ കടം എടുക്കുന്നത്. |
| ഡി. | ഇത്തരത്തിൽ ബോണ്ട് പുറപ്പെടുവിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത് ? | കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാരുകൾ എന്നിവയുടെ അംഗീകാരത്തോടെ റിസർവ്വ് ബാങ്ക് തയ്യാറാക്കിയ വ്യവസ്ഥകളാണ് നിലവിലുള്ളത് കൂടാതെ ഓരോ പ്രാവശ്യം കടമെടുക്കുമ്പോഴും അതിന്റെ തിരിച്ചടവ്, പലിശ സമാഹരിക്കുന്ന വിധം എന്നിവ നിജപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കാറുണ്ട്. പൊതുകടപത്രങ്ങൾ പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സംബന്ധിച്ച് 20.07.2007 ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന
ഉത്തരത്തോടൊപ്പം ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 730 26.07.07 ൽ മറുപടിയ്ക്ക്

<u>ഫൈനാൻഷ്യൽ ഇൻവെസ്റ്റിഗേഷൻ സെൽ</u>

ചോദ്യം

ശ്രീ.തോമസ് ഉണ്ണിയാടൻ
ശ്രീ.സി.എഫ്.തോമസ്
പ്രൊഫ.എൻ.ജയരാജ്

മറുപടി

ധനകാര്യവകുപ്പുമന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാമ്പത്തിക കുറ്റകൃത്യങ്ങൾ കണ്ടെത്തി തടയുന്നതിന് ഒരു ഫൈനാൻഷ്യൽ ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിക്കുമോ: | ഇപ്പോൾ പരിഗണനയിൽ ഇല്ല |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ? | ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2007 ജൂലൈ 26-ാം തീയതിയിലെ മറുപടിക്കുള്ള നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 731

## സിവിൽ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനും ഉണ്ടായ നഷ്ടം

| ചോദ്യം<br><br>ശ്രീമതി കെ.കെ. ലതിക<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എം ചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണദാസ്<br>ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br><br>ധനകാര്യ വകുപ്പുമന്ത്രി |
|---|---|
| (എ) വിലക്കയറ്റം തടയുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡും നടത്തുന്ന പദ്ധതികൾമൂലം ഉണ്ടാകുന്ന നഷ്ടം ധനകാര്യവകുപ്പ് ഏറ്റെടുക്കാറുണ്ടോ; എങ്കിൽവിശദാംശം വെളിപ്പെടുത്തുമോ; | പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം തടയുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡും നടത്തുന്ന പദ്ധതികൾ മൂലം ഉണ്ടാകുന്ന നഷ്ടം സർക്കാർ ഏറ്റെടുക്കാറുണ്ട്. 2006 ലെ ഓണം ഫെയറിൽ നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് നൽകിയതിലുണ്ടായ നഷ്ടം നികത്തുന്നതിന് കൺസ്യൂമർ ഫെഡിന് സബ്സിഡിയായി 2 കോടി രൂപ നൽകിയിട്ടുണ്ട്. താഴ്ന്ന വരുമാനക്കാർക്ക് സൗജന്യമായി ഓണക്കിറ്റ് നൽകുന്നതിനായി സിവിൽ സപ്ളൈസ് കോർപ്പറേഷന് 6.38 കോടി രൂപ നൽകിയിട്ടുണ്ട്. 2007 ഫെബ്രുവരി 15 മുതൽ 2 മാസക്കാലം 'സഹകരണ വിപണനം കേരളീയം' പദ്ധതി നടപ്പാക്കിയ വകയിൽ 10 കോടി രൂപ നകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥന ബിൽ പാസ്സാക്കുന്ന മുറയ്ക്ക് ഈ തുക അനുവദിച്ചു നൽകുന്നതാണ്. ഈ വർഷത്തെ ഓണക്കാലത്ത് 13 ഇനം നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വിപണനം ചെയ്യുന്നതിന് ഇതിലെ വിവിധ ചെലവുകൾക്കുമായി 3 കോടി രൂപ കൺസ്യൂമർ ഫെഡിനു നൽകാനും തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ സർക്കാർ വന്നതിനു ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനും മാർക്കറ്റ് ഓപ്പറേഷന്റെ ഫലമായി ഉണ്ടായ നഷ്ടം നികത്തുന്നതിന് എന്തു തുക വീതം നൽകി; ഈ ഇനത്തിൽ തുക ഇനിയും നൽകാനുണ്ടോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന് 35 കോടി രൂപയും കൺസ്യൂമർ ഫെഡിന് 2 കോടി രൂപയും നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ സപ്ലൈകോയുടെയും കൺസ്യൂമർ ഫെഡിന്റെയും അപേക്ഷയിൽ അർഹതയുടെ അടിസ്ഥാനത്തിൽ ഉടൻതന്നെ തീർപ്പാക്കുന്നതാണ് |
| (സി) ഈ സ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട രീതിയിൽ ഓണച്ചന്തകളും മറ്റും നടത്തുന്നതിന് പ്രത്യേക സഹായം നൽകുമോ? | വിപണി ഇടപെടൽ പദ്ധതി സർക്കാർ അനുവദിക്കുന്ന കാലയളവിൽ സപ്ലൈകോയും കൺസ്യൂമർ ഫെഡും ഏതുപേരിൽ നടത്തിയാലും അതിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.<br><br>ഓണച്ചന്തകൾ നടത്തുന്നതിന് എല്ലാ ഓണക്കാലങ്ങളിലും അനുമതി നൽകുന്നതുപോലെ ഇപ്രാവശ്യവും കൺസ്യൂമർഫെഡിന് ഓണച്ചന്ത നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട് ഓണം ഫെയറിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾക്കുറഞ്ഞ വിലയിൽ വിപണനം നടത്തുന്നതിന് സർക്കാർ സബ്സിഡി നൽകുവാൻ കൺസ്യൂമർ ഫെഡിന് അനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.732. 26.7.2007-ൽ മറുപടിയ്ക്ക്

## പതിനൊന്നാം പദ്ധതിക്കാലത്തെ മത്സ്യമേഖലയിലെ പ്രവർത്തനങ്ങൾ

ചോദ്യം | മറുപടി

ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.കെ.പി.അബ്ദുള്ളക്കുട്ടി :
ശ്രീ.എം.കെ.പുരുഷോത്തമൻ :
ശ്രീ.പി.വിശ്വൻ :
ശ്രീ.വി.എൻ.വാസവൻ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പതിനൊന്നാം പദ്ധതി കാലത്ത് മത്സ്യമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത് ; | (എ) വിശദവിവരം അനുബന്ധം (1) ൽ ചേർത്തിട്ടുണ്ട്. |
| (ബി) മത്സ്യബന്ധനത്തിലും മത്സ്യ സംസ്കരണവിപണന കാര്യങ്ങളിലും എന്തെല്ലാം നേട്ടം കൈവരിക്കാനാണ് ലക്ഷ്യമിടുന്നത് ; | (ബി) അനുബന്ധം (2) ൽ ചേർത്തിട്ടുണ്ട്. |
| (സി) ഉൾനാടൻ മത്സ്യബന്ധനത്തിന് പ്രത്യേകപ്രാധാന്യം നൽകുവാൻ പദ്ധതിയുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) മാതൃകാ മത്സ്യബന്ധനഗ്രാമങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഇപ്പോൾ ഇല്ല. |

Rajasekhar
സെക്ഷൻ ഓഫീസർ

അനുബന്ധം (1)

1. തീരക്കടലിൽ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനും, ആഴക്കടലിലേയ്ക്കു മത്സ്യബന്ധനം വ്യാപിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.
2. സമഗ്ര തീരദേശ വികസന പദ്ധതി
3. മത്സ്യമാർക്കറ്റുകളുടെ നവീകരണവും മൂല്യവർദ്ധനവും വിപണനവും
4. വ്യാവസായിക മത്സ്യവികസനവും മറ്റു സഹായ പരിപാടികളും
5. എൻ.സി.ഡി.സി. സഹായത്തോടെയുള്ള സംയോജിത മത്സ്യവികസനപരിപാടി.
6. നാടൻ വള്ളങ്ങളുടെ നവീകരണവും ഔട്ട് ബോർഡ് മോട്ടോറുകളിൽ എൽ.പി.ജി ഉപയോഗിക്കുന്നതിലുള്ള പരിഷ്ക്കരണവും.
7. കുട്ടനാടൻ പാടശേഖരങ്ങളിലെ ഒരു നെല്ലും ഒരു മീനും, പൊക്കാളി പാടശേഖരങ്ങളിലെ സുസ്ഥിര ചെമ്മീൻ കൃഷി, തൃശ്ശൂർ കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി, ജലസംഭരണികളിലെ മത്സ്യകൃഷി, ജലാശയങ്ങളിൽ ആധുനിക മത്സ്യകൃഷി മുറകൾ ഉപയോഗിച്ച് മത്സ്യകൃഷിക്കുപയുക്തമാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും, ജലകൃഷി വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ഞണ്ട് കൃഷി, കടൽപ്പായൽ കൃഷി എന്നീ പദ്ധതികൾ.
8. അലങ്കാര മത്സ്യകൃഷി വികസനത്തിനായി എറണാകുളം ജില്ലയിലെ കടുങ്ങല്ലൂരിൽ അക്വാടെക്നോളജി പാർക്ക്, വിനോദ സഞ്ചാര വികസനത്തിനും, സമുദ്രമത്സ്യമേഖലയെക്കുറിച്ചും കടൽ ജീവികളെക്കുറിച്ചും പഠനത്തിനും ഗവേഷണത്തിനുമായി കൊച്ചിയിൽ പുതുവൈപ്പിൽ ഓഷ്യനേറിയം.
9. സുനാമി പുനരധിവാസ പദ്ധതി/സുനാമി അടിയന്തിര സഹായ പദ്ധതി എന്നിവയിലൂടെ തീരദേശത്തെ ജനങ്ങളുടെ ജീവനോപാധി സംരക്ഷണം ലക്ഷ്യമാക്കി 64.85 കോടി രൂപയുടെ വിവിധ പദ്ധതികൾ.
10. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പുതിയ ഫിഷിംഗ് ഹാർബറുകളും, ലാന്റിംഗ് സെന്ററുകളും, തീരദേശ റോഡുകളും, കുടിവെള്ള സാനിട്ടേഷൻ സൗകര്യങ്ങളും വികസിപ്പിക്കുന്ന പദ്ധതികൾ മത്സ്യഫെഡിനു കീഴിൽ.
11. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പ്രവർത്തനമൂലധന വായ്പ ലഭ്യമാക്കുക.
12. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ.
13. മത്സ്യബന്ധന മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയുടെ നടപ്പാക്കൽ.
14. മത്സ്യത്തിനും, മത്സ്യ ഉല്പന്നങ്ങൾക്കും മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനുള്ള വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
15. ഉൾനാടൻ മത്സ്യമേഖല വികസന പദ്ധതികൾ.
16. മത്സ്യസമ്പത്ത് സംരക്ഷണ പദ്ധതികൾ.
17. കപ്പാസിറ്റി ബിൽഡിംഗ് പദ്ധതികൾ.

Rajasekhar

## അനുബന്ധം (2)

### I. മത്സ്യബന്ധനം

1. മത്സ്യമേഖലയിൽ നിലവിൽ അധികമുള്ള യന്ത്രവൽകൃത ബോട്ടുകളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തമാക്കുക.
2. ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്കു ആവശ്യമായ പരിശീലനം നൽകുക.
3. ആഴക്കടൽ ചൂര, ചൂണ്ടൻ മരൾ, കണവ, നത്തോലി എന്നീ വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക.
4. പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ മത്സ്യബന്ധനം ലാഭകരമാക്കുന്നതിന് മണ്ണെണ്ണ ഉപയോഗിച്ചുവരുന്ന ഔട്ട് ബോർഡ് മോട്ടോറുകൾ എൽ.പി.ജി/ഡീസൽ ഉപയോഗിച്ചുവരുന്ന വിധത്തിലേയ്ക്കുള്ള പരിവർത്തനം.

### II. മത്സ്യസംസ്കരണ വിപണന കാര്യങ്ങൾ

1. ശീതീകരണ സംഭരണ കേന്ദ്രങ്ങളുടെ ഒരു ശൃംഖല സ്ഥാപിച്ച് മൊത്തവ്യാപാര മാർക്കറ്റുകളിലും, ചില്ലറ വ്യാപാര മാർക്കറ്റുകളിലും ചെറിയ ചില്ലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
2. മത്സ്യബന്ധന തുറമുഖങ്ങളിലും ലാൻഡിംഗ് സെന്ററുകളിലും ചില്ലിംഗ് സ്റ്റോറേജ് യൂണിറ്റുകൾ സ്ഥാപിക്കുക.
3. മത്സ്യബന്ധനത്തിൽ ഉപേക്ഷിക്കപ്പെടുന്ന മത്സ്യങ്ങളെ വേണ്ട വിധത്തിൽ ഉപയോഗിക്കുന്നതിനുള്ള വിവിധ യൂണിറ്റുകൾ സ്ഥാപിക്കുക.
4. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.
5. ചില്ലിംഗ് യൂണിറ്റുകളുടെയും സംസ്കരണ യൂണിറ്റുകളുടെയും നവീകരണം.
6. ആരോഗ്യവും, ശുചിത്വവും ഉറപ്പാക്കുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാർക്കറ്റുകളുടെ നവീകരണം.
7. സുനാമി പുനരധിവാസ പദ്ധതി/സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം മത്സ്യബന്ധനത്തൊഴിലാളികളെ സഹായിക്കുന്നതിനും, മത്സ്യസംസ്കരണത്തിനും വിപണനത്തിനും സൗകര്യം ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ നടത്തിവരുന്നു.
8. 'കല്ലുമ്മേക്കായ കൃഷി' വഴി ഉല്പാദിപ്പിച്ച കക്ക/ചിപ്പി എന്നിവ മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റുക.

Rajasekhar

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 733 26.7.2007-ലെ മറുപടിക്ക്

## ആദിവാസി മേളകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബി.രാഘവൻ | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും കിർത്താഡ്സിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ മേളകൾ (ഗദ്ദിക 2007) വിജയപ്രദമായിരുന്നോ ; | (എ) വിജയപ്രദമായിരുന്നു. എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽവച്ച് നടത്തിയ മേളകളിൽ 30,000 ത്തോളം ആളുകൾ സന്ദർശനം നടത്തി. 12,61,063/- രൂപയുടെ വിൽപനയും നടന്നു. |
| ബി) മേളയോടനുബന്ധിച്ച് പട്ടികജാതി ആദിവാസി വിഭാഗങ്ങളുടെ പാരമ്പര്യ നൃത്തവും അവരുടെ കരകൗശല ഉല്പന്നങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നോ ; | (ബി) സംഘടിപ്പിച്ചിരുന്നു. |
| സി) ഏതെല്ലാം ജില്ലകളിലാണ് മേള സംഘടിപ്പിച്ചത് ; ഈ മേളകൾ സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) 2006-07 സാമ്പത്തിക വർഷം എറണാകുളം, പാലക്കാട് ജില്ലകളിലാണ് മേള സംഘടിപ്പിച്ചത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഓരോ വർഷവും 2 ജില്ലകൾ വീതം തെരഞ്ഞെടുത്ത് മേള സംഘടിപ്പിച്ചുവരുന്നു. |
| ഡി) ടൂറിസം വകുപ്പിന്റെ കൂടി പങ്കാളിത്തത്തോടെ ഓണക്കാലത്ത് ഈ മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ആലോചിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം :734

26/07/2007-ൽ മറുപടിക്ക്

## വൈദ്യുതി ബില്ല് തയ്യാറാക്കിയതിൽ വന്ന ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശശികുമാർ. എം.എൽ.എ.<br>ശ്രീ.രാജു എബ്രഹാം, എം.എൽ.എ.<br>ശ്രീ. സി.കെ.സദാശിവൻ, എം.എൽ.എ.<br>ശ്രീ.സാജുപോൾ. എം.എൽ.എ.<br>ശ്രീ.പി.ടി.എ. റഹീം. എം.എൽ.എ. | ശ്രീ.എ.കെ..ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി) |
| എ. വൈദ്യുതി ബോർഡിൽ നിലവിലുള്ള ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ബില്ലുകളിൽ വ്യാപകമായ ക്രമക്കേടുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ; | എ. വൈദ്യുതി ബോർഡിൽ ഇപ്പോൾ നിലവിലുള്ള ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ ബില്ലിംഗ് സംബന്ധമായ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ തുടർന്ന് കൂടുതൽ സെക്ഷനുകളിലേക്കുള്ള വ്യാപനം നിർത്തിവയ്ക്കുവാനും സ്വതന്ത്രസോഫ്റ്റ്‌വെയർ അടിസ്ഥാനത്തിൽ പുതിയ എൽ.റ്റി.ബില്ലിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ഒട്ടുമിക്ക ന്യൂനതകളും പരിഹരിച്ചതു കൂടാതെ സോഫ്റ്റ്‌വെയറിൽ താഴെ പറയുന്ന മാറ്റങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>1. കൂടുതൽ പ്രോസസ്സുകൾ ഒരേ സമയം ചെയ്യുമ്പോൾ കമ്പ്യൂട്ടറിനുണ്ടായിരുന്ന വേഗതക്കുറവ് പരിഹരിച്ചു.<br>2. ഉപഭോക്താക്കളുടെ കാഷ് ഡെപ്പോസിറ്റിന് (സി.ഡി.) പലിശ നൽകുന്നതിനുള്ള സംവിധാനം ഉൾപ്പെടുത്തി.<br>3. ഓഡിറ്റനുവേണ്ടി പ്രയോജനപ്രദമായ പല പുതിയ റിപ്പോർട്ടുകളും ഉൾപ്പെടുത്തി. |
| ബി. അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ എത്ര രൂപയുടെ ബില്ലിംഗ് പിഴവുകളാണ് | ബി. അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ സാമ്പത്തിക ബന്ധമുള്ള ന്യൂനതകളായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് താഴെപ്പറയുന്നവ |

| | |
|---|---|
| കണ്ടെത്തിയിട്ടുള്ളത് ; ഈ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | യാണ്.<br>1. അഡീഷണൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് (എ.സി.ഡി) ഡിമാന്റ് ചെയ്യാത്തതു മൂലം ഉണ്ടായ 14.78 കോടി രൂപയുടെ കുറവ്.<br>2. ബില്ലുകൾ ആവർത്തിച്ച് തിരുത്തേണ്ടി വന്നതു മൂലം ഡിമാന്റിൽ വന്ന വ്യത്യാസം 70.71 കോടി രൂപ.<br>3. തെറ്റായ നടപടിക്രമവും, സിസ്റ്റം സംബന്ധമായ തകരാർമൂലവും വ്യാവസായിക ഉപഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജിലും എനർജി ചാർജ്ജിലും വന്ന ഡിമാന്റിലെ വ്യത്യാസം 265.48 ലക്ഷം രൂപ.<br>4. കൊമേഴ്സ്യൽ ഉപഭോക്താക്കളുടെ എനർജി ചാർജ്ജ് തെറ്റായ രീതിയിൽ കണക്കുകൂട്ടിയതു മൂലം ഡിമാന്റിൽ വന്ന വ്യത്യാസം 81 ലക്ഷം രൂപ.<br>5. ഗാർഹിക ഉപഭോക്താക്കളുടെ മിനിമം ചാർജ്ജ് ഡിമാന്റു ചെയ്യുന്നതിൽ വന്ന വ്യത്യാസം 2.67 ലക്ഷം രൂപ.<br>6. ഐ.സി.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിമാന്റു ചെയ്യുന്നതിൽ വന്ന വ്യത്യാസം 15.45 ലക്ഷം രൂപ.<br><br>മേൽപ്പറഞ്ഞവയിൽ അഡീഷണൽ സെക്യൂരിറ്റി (എ.സി.ഡി) പിരിച്ചെടുക്കാനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.<br><br>മറ്റുള്ളവയെ സംബന്ധിച്ച്.<br><br>ഡാറ്റാ എൻട്രിയിൽ വന്ന പിശകുകൾ, തെറ്റായി റീഡിംഗ് രേഖപ്പെടുത്തൽ, ബില്ലിംഗിനാവശ്യമായ വിവരങ്ങൾ യഥാസമയം കമ്പ്യൂട്ടറിൽ രേഖപ്പെടുത്താത്തത്, കമ്പ്യൂട്ടറിൽ ആവശ്യമായ തിരുത്തലുകൾ വരുത്താതെ താരിഫ് മാറ്റി ബില്ലുകൾ നൽകുന്നത്, ശരാശരി കണക്കുകൂട്ടുന്നതിൽ സിസ്റ്റത്തിന് സംഭവിക്കുന്ന പിഴവുകൾ, പുതിയ സർവ്വീസ് കണക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിരുന്നത്, എന്നീ കാരണങ്ങൾ കൊണ്ടാണ് ഉപഭോക്താക്കൾക്ക് നേരത്തെ നൽകിയിരുന്ന ബില്ലുകൾ ആവർത്തിച്ചു തിരുത്തേണ്ട സാഹചര്യമുണ്ടായത്. ഈ ഇനത്തിൽ കെ.എസ്.ഇ.ബോർഡിന് |

സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നാണ് പ്രാഥമിക വിവരങ്ങളിൽനിന്ന് മനസ്സിലായത്. എന്നിരുന്നാലും ഇതു സംബന്ധിച്ച് സെക്ഷൻ തലത്തിൽ വിശദമായ പരിശോധനകൾ കെ.എസ്.ഇ.ബി.യുടെ ആഭ്യന്തര ആഡിറ്റു വിഭാഗം നടത്തി വരുന്നു.

| | | | |
|---|---|---|---|
| സി. | വൈദ്യുതി ബോർഡിൽ ഉപയോഗത്തിലുള്ള ബില്ലിംഗ് സോഫ്റ്റ്വെയർ ഏത് കമ്പനിയാണ് തയ്യാറാക്കിയത്; ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് ; | സി. | പ്രൈസ് വാട്ടർ ഹൗസ്കൂപ്പർ എന്ന കമ്പനിയുടെ സാങ്കേതിക സഹായത്തോടെ ബോർഡിലെ കമ്പ്യൂട്ടർ വൈദഗ്ദ്ധ്യമുള്ള ജീവനക്കാർ സംയുക്തമായി വികസിപ്പിച്ചെടുത്തതാണ് ഇപ്പോൾ ബില്ലിംഗ് ആന്റ് റവന്യൂ കളക്ഷനു വേണ്ടി ഉപയോഗിക്കുന്ന 'ജ്യോതി' സോഫ്റ്റ് വെയർ.<br>വൈദ്യുതി ബോർഡിന്റെ എൽ.ടി. ബില്ലിംഗ് കമ്പ്യൂട്ടർ വൽക്കരണത്തിന് അനുയോജ്യമായ ഓപ്പറേറ്റിംഗ് സിസ്റ്റവും, റിലേഷണൽ ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റവും വാങ്ങുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന സാങ്കേതിക സഹായങ്ങളും സേവനങ്ങളും മൈക്രോസോഫ്റ്റ് എന്ന കമ്പനി വാഗ്ദാനം നൽകിയിരുന്നു.<br>1. വൈദ്യുതി ബോർഡിന്റെ എൽ.ടി. ബില്ലിംഗ് കമ്പ്യൂട്ടർ വൽക്കരണത്തിനു വേണ്ടിയുള്ള ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന സ്ഥാപനം വഴി ലഭ്യമാക്കും.<br>2. മൈക്രോസോഫ്റ്റിന്റെ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം സോഫ്റ്റ്വെയർ പ്രോജക്ടിന്റെ ആവശ്യമായ ഘട്ടങ്ങളിൽ ലഭ്യമാക്കും. |
| ഡി. | സ്വതന്ത്ര സോഫ്റ്റ്വെയറായ ലിനക്സിൽ പ്രവർത്തിക്കുന്ന ബില്ലിംഗ് സോഫ്റ്റ്വെയർ രൂപപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പുരോഗതി വിശദീകരിക്കുമോ ? | ഡി. | ഉണ്ട്.<br>29.12.2006 ലെ ബോർഡ് ഉത്തരവ് പ്രകാരം സ്വതന്ത്ര സോഫ്റ്റ്വെയർ അടിസ്ഥാനമാക്കിയുള്ള പുതിയ എൽ.ടി. ബില്ലിംഗ് സോഫ്റ്റ് വെയർ വികസിപ്പിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ തന്നെ കമ്പ്യൂട്ടർ പരിജ്ഞാനമു |

ള്ള ജീവനക്കാരെ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പരിശീലനം നൽകികൊണ്ടാണ് പുതിയ ബില്ലിംഗ് സോഫ്റ്റ്‌വെയറിന്റെ രൂപകൽപ്പന നടന്നു വരുന്നത്. ഈ സോഫ്റ്റ് വെയറിന്റെ രൂപകൽപ്പന നടന്നു വരുന്നത്. ഈ സോഫ്റ്റ് വെയറിന്റെ ആദ്യഘട്ടമായി ദ്വൈമാസ ബില്ലിംഗും കളക്ഷനും ടെസ്റ്റിംഗിന്റെ അവസാനഘട്ടത്തിലാണ്. ഇത് തെരഞ്ഞെടുക്കപ്പെട്ട സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുവാനുള്ള തയ്യാറെടുപ്പ് നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 735      26-07-2007 ൽ മറുപടിയ്ക്ക്

**ബി.ഒ.ടി. വ്യവസ്ഥയിൽ ചെറുകിട വൈദ്യുത പദ്ധതികൾ**

| ചോദ്യം<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബി.ഒ.ടി വ്യവസ്ഥയിൽ സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ സ്വകാര്യ ഏജൻസികൾ അപേക്ഷ നൽകിയിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് സ്വകാര്യമേഖലയിൽ ചെറുകിട ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ താഴെ പറയുന്ന ഏജൻസികൾ അപേക്ഷ നൽകിയിട്ടുണ്ട്.<br>1) വിയ്യാട്ട് പവർ<br>2) ശ്രീ രായലസീമ ഹൈ സ്ട്രെങ്ത് ഹൈപ്പോ ലിമിറ്റഡ്<br>3) ഇൻഡ്സിൽ ഇലക്ട്രോ സ്മെൽട്ടേഴ്സ് ലിമിറ്റഡ്.<br>4) ശ്രീ. ലക്ഷ്മി ഇലക്ട്രോ സ്മെൽട്ടേഴ്സ് ലിമിറ്റഡ്.<br>5) ബിനാനി സിങ്ക് ലിമിറ്റഡ്<br>6) കിറ്റെക്സ് കമ്പനികളുടെ കൺസോർഷ്യം<br>7) കെ.എസ്.കെ. എനർജി ലിമിറ്റഡ്<br>8) ഹോട്ടൽ ആന്റ് അലൈഡ് ട്രേഡ് ലിമിറ്റഡിന്റെ കൺസോർഷ്യം. |
| (ബി) | എങ്കിൽ ഏതൊക്കെ ഏജൻസികളാണ് അപേക്ഷ നൽകിയത്; | | |
| (സി) | ഇവരിൽ നിന്നും വൈദ്യുതി വാങ്ങുവാൻ കെ.എസ്. ഇ.ബി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | ഇരുട്ടുകാനം (3 MW) പദ്ധതിയിൽ നിന്നും വൈദ്യുതി വാങ്ങുന്നതിനായി കെ.എസ്. ഇ.ബി.യും വിയ്യത്ത് പവർ ലിമിറ്റഡും തമ്മിൽ 07-06-07 ൽ വൈദ്യുതി വാങ്ങൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 736 26.07.2007-ലെ മറുപടിക്ക്

വൈദ്യുതി വിൽപന

ചോദ്യം

ശ്രീ. ബാബു എം. പാലിശ്ശേരി
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. എം.എം. മോനായി
ശ്രീ. എം. ഹംസ
ശ്രീ. കെ.ടി. ജലീൽ

(എ) സംസ്ഥാനത്തിന് പുറത്തേക്ക് വൈദ്യുതി വിൽക്കുന്നതിന് ഓൺലാസ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എന്നു മുതലാണ് ഓൺലാസ് സമ്പ്രദായം നടപ്പിലാക്കിയത്; ഇത് മൂലം ബോർഡിന് വരുമാനത്തിൽ എന്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വൈദ്യുതി വിൽപനയിലൂടെ ബോർഡിന് എന്ത് തുക ലഭിച്ചു;

ഉത്തരം

ശ്രീ. എ.കെ. ബാലൻ
(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) (ബി) & (സി)

2005 ജൂലൈയിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് വൈദ്യുതി വിൽപന ആരംഭിച്ചതു മുതൽ ഗവൺമെന്റ് നിയന്ത്രണവും കേന്ദ്രവൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചു നൽകുന്ന 'എഫ്' ക്ലാസ് (ഏറ്റവും ഉയർന്ന് റേറ്റിംഗ്) ലൈസൻസുള്ള ട്രേഡിംഗ് കമ്പനികളിൽ നിന്നും വൈദ്യുതി ആവശ്യപ്പെടുന്ന മറ്റു സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി നിരക്കും, മറ്റു വ്യവസ്ഥകളും ക്ഷണിക്കുകയും അതിൽ മെച്ചപ്പെട്ട നിരക്കും, വ്യവസ്ഥകളും വാഗ്ദാനം ചെയ്യുന്നവരുമായി വൈദ്യുതി വിൽപന കരാറിൽ ഏർപ്പെടുകയുമാണ് ചെയ്യുന്നത്. അതാത് സന്ദർഭങ്ങളിൽ, രാജ്യത്തെ വൈദ്യുതി ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരത്തിന് അനുസൃതമായി നിരക്കിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടുന്നുണ്ട്.

2005-06ൽ 196.51 കോടി രൂപയും, 2006-07 ൽ 633.38 കോടി രൂപയും മറ്റു സംസ്ഥാനങ്ങളിലേക്കുള്ള വൈദ്യുതി വിൽപനയിലൂടെ ബോർഡിന് വിറ്റുവരവായി ലഭിച്ചു. ഇപ്രകാരം മറ്റു സംസ്ഥാനങ്ങളിലേക്ക് വൈദ്യുതി വിൽപന പ്രധാന

മായും നടത്തിയിട്ടുള്ളത് ഓഫ് പീക്ക് സമയത്താണ്.

(vi) സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങൾക്ക് വൈദ്യുതി എന്ത് നിരക്കിലാണ് വിൽക്കുന്നത്; ഏതൊക്കെ കമ്പനികളുമായാണ് വൈദ്യുതി വിൽക്കുന്നതിനുള്ള കരാർ നിലവിലുള്ളത് ?

(vi) ഇപ്പോൾ മൂന്ന് വൈദ്യുത വില്പ്പന കരാറുകളാണ് നിലവിലുള്ളത്. കെ.എസ്.ഇ.ബി.യുടെ താപ നിലയങ്ങളിൽ നിന്നും കേന്ദ്രപൂളിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിയിൽ ഓഫ് പീക്ക് സമയങ്ങളിൽ അധികമായി വരുന്ന ഭാഗം വിൽക്കുന്നതിനുള്ള എൻ.വി.വി.എൻ. ആയിട്ടുള്ള കരാർ പ്രകാരമുള്ള നിരക്ക് 5.055 രൂപയാണ്. കൂടാതെ എൻ.ടി.പി.സി. കായംകുളം, ബി.എസ്.ഇ.എസ് എന്നിവിടങ്ങളിൽ നിന്നുള്ള വൈദ്യുതി വില്പന കരാറുകൾ വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡുമായി (NVVN) എൻ.ടി.പി.സി.യുടെ സബ്സിഡിയറി കമ്പനി ) ഇപ്പോൾ നിലവിലുണ്ട്

കായംകുളം ,ബി.എസ്. ഇ.എസ് നിലയങ്ങളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ഇന്ധനചെലവും, പ്രസരണ ചാർജും പൂർണ്ണമായി ഈടാക്കുകയും കൂടാതെ കപ്പാസിറ്റി ചാർജ്ജായി യൂണിറ്റിന് യഥാക്രമം 85 പൈസയും 108 പൈസയും ആണ് നിശ്ചയിച്ചിട്ടുള്ള നിരക്ക്.

Padmanabhan (signature)

സെക്ഷൻ ഓഫീസർ

# Annexure I

| Month | PTC | | NVVN | | Total MU | Total Revenue (Rs in Crores) |
|---|---|---|---|---|---|---|
| | Rate | MU | Rate | MU | | |
| Apr-05 | | | | | | |
| May-05 | | | | | | |
| [illegible] | | | [illegible] | | | |
| Jul-05 | | | 2.72 | | | |
| Aug-05 | | | 2.72 | 34.01 | 34.01 | 9.25 |
| Sep-05 | 2.72 | | 2.72 | 56.96 | 56.96 | 15.49 |
| Oct-05 | 3.07<br>3.7 | 21.48 | 3.07<br>3.7 | 116.71 | 138.18 | 42.43 |
| Nov-05 | 3.07<br>3.7 | | 3.05<br>3.7 | 40.97 | 40.97 | 12.84 |
| Dec-05 | 3.07 | | 3.07 | 41.88 | 41.88 | 12.86 |
| Jan-06 | 3.2 | 20.83 | 3.2 | 94.09 | 114.92 | 36.77 |
| Feb-06 | 3.2 | 25.20 | 3.2 | 90.79 | 115.99 | 37.12 |
| Mar-06 | | | 3.2 | 93.00 | 93.00 | 29.76 |
| Total (2006-06) | | 67.51 | | 568.40 | 635.91 | 196.51 |
| Apr-06 | | | 4.25 | 126.74 | 126.74 | 45.62 |
| May-06 | | | 4.25 | 109.00 | 109.00 | 46.33 |
| Jun-06 | 4.3<br>4.5<br>4.25 | 2.01 | 4.3<br>4.25 | 114.76 | 116.77 | 49.68 |
| Jul-06 | 4.25<br>4.5 | 36.69 | 4.25 | 90.51 | 127.20 | 54.06 |
| Aug-06 | 4.3 | 6.15 | 4.3 | 26.30 | 32.45 | 13.95 |
| Sep-06 | 4.35 | 37.71 | 4.35 | 34.60 | 72.31 | 31.45 |
| Oct-06 | 4.35 | 26.48 | 4.35 | 45.18 | 71.67 | 31.17 |
| Nov-06 | 5.765<br>5.51 | 28.27 | | | 28.27 | 16.29 |
| Dec-06 | 5.765<br>5.51 | 28.26 | | | 28.26 | 16.29 |
| Jan-07 | 5.765<br>5.51 | 71.72 | | | 71.72 | 40.92 |
| Feb-07 | 5.61 | 11.60 | 6.3426 | 31.64 | 43.24 | 26.57 |
| Mar-07 | 6.72 | 43.45 | | | 43.45 | 29.20 |
| [illegible] (2006- | | 292.35 | | 578.72 | 871.06 | 401.54 |

Padma [signature]
Section Officer

ഊർജ്ജ മേഖലയിലെ പദ്ധതികൾക്ക് നൽകിയിരി

(1) വിവിധ ഇനങ്ങളിൽ 2006-07ൽ ലഭിച്ച 533.36 കോടി രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു (പട്ടികയായാണ്)

(തുക കോടിയിൽ)

| | | | | |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്. ഇ.ബി) | കായംകുളം നിലയത്തിൽ നിന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതി നൽകിയ വകയിൽ ലഭിച്ച തുക | 8.39 | 98.49 | 533.36 |
| | ബി.എസ്.ഇ.എസ് കൊച്ചി നിലയത്തിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വൈദ്യുതി നൽകിയ വകയിൽ ലഭിച്ച തുക | 90.10 | | |
| എൻ.ടി.പി.സി വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ് (എൻ.വി.വി.എൻ) പവർ ട്രേഡിംഗ് കോർപ്പറേഷൻ (പി.ടി.സി) | എൻ.ടി.പി.സി വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ് (എൻ.വി.വി.എൻ) വൈദ്യുതി നൽകിയ വകയിൽ ലഭിച്ച തുക. | 247.13 | 434.87 | |
| | പവർ ട്രേഡിംഗ് കോർപ്പറേഷൻ (പി.ടി.സി) വൈദ്യുതി നൽകിയ തുകയിൽ ലഭിച്ച തുക | 187.74 | | |

Padma...

Section Officer

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 737 26-07-2007-ൽ മറുപടിക്ക്

### 2006-ലെ പട്ടികവർഗ്ഗ വിഭാഗവും മറ്റ് പരമ്പരാഗത വനവാസികളും നിയമം

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ
ശ്രീ. ബി. രാഘവൻ
ശ്രീ. സി.കെ. സദാശിവൻ
ശ്രീ. സി.എച്ച്. കുഞ്ഞമ്പു
ശ്രീ. ടി.പി. കുഞ്ഞുണ്ണി

**മറുപടി**

ശ്രീ. എ.കെ. ബാലൻ
(ബഹു: പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | പാർലമെന്റ് പാസാക്കിയ 2006-ലെ പട്ടികവർഗ്ഗ വിഭാഗവും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) നിയമത്തിലെ ചില വകുപ്പുകൾ കേരളത്തിലെ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ദോഷകരമായി ബാധിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് നേരിട്ട് ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും കഴിയാത്ത സാഹചര്യം പ്രസ്തുത നിയമം മൂലം സംജാതമായിട്ടുണ്ടോ ; | പ്രസ്തുത നിയമത്തിൽ ഇത്തരം ഒരു ആശങ്കയ്ക്ക് അടിസ്ഥാനമുള്ളതായി കാണുന്നില്ല. |
| സി | നിയമത്തിൽ ഭേദഗതി വരുത്തി പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടുമോ ? | പ്രസക്തമല്ല. |

Sushama. S.
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 738 — 26.7.2007 ന് മറുപടിക്ക്

## വനാതിർത്തികളിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ. രാജു:
ശ്രീ.വി.എസ്.സുനിൽ കുമാർ:
ശ്രീ.പള്ളിപ്രം ബാലൻ:
ശ്രീ.പി.തിലോത്തമൻ:

സംസ്ഥാനത്തിന്റെ കർണ്ണാടക, തമിഴ്നാട് വനാതിർത്തി പ്രദേശങ്ങളിൽ നടക്കുന്ന വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ തടയുന്നതിനും സംസ്ഥാനാന്തര കുറ്റവാളികളുടെ വിവരങ്ങൾ കൈമാറുന്നതിനും വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. ബിനോയ് വിശ്വം
(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

തിരുവനന്തപുരത്ത് വച്ച് 03.11.06, 04.11.06 എന്നീ തീയതികളിൽ നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വകുപ്പ് മന്ത്രിമാരുടെ യോഗതീരുമാന പ്രകാരം വനം വകുപ്പിൽ രഹസ്യ അന്വേഷണം ശക്തിപ്പെടുത്തി അന്തർ സംസ്ഥാന ആശയവിനിമയവും സമയാധിഷ്ഠിതമായ കൈമാറലും വഴിയുള്ള വന സംരക്ഷണത്തിലൂടെ അമൂല്യമായ വനസമ്പത്ത് കാത്തു സൂക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി വകുപ്പു തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

ബഹു. വനം വകുപ്പു മന്ത്രി തമിഴ്നാട് വനം വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ചന്ദന സംരക്ഷണത്തിനുവേണ്ട കാര്യങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചന്ദന സംരക്ഷണ പ്രവർത്തനങ്ങളിലും ചന്ദനം കണ്ടെടുക്കുന്നതിനും പ്രതികളെ

(..2/-)

അറസ്റ്റു ചെയ്തു തരുന്നതിനും
തമിഴ്നാട് ഉദ്യോഗസ്ഥർമാർ വേണ്ട
സഹായങ്ങൾ നല്കി വരുന്നു.
ഇതിന്റെ ഭാഗമായി കേരളത്തി
ലെയും തമിഴ്നാട്ടിലെയും
ഡിവിഷനിലെ ഉദ്യോഗസ്ഥർമാർ
നിരന്തരം സമ്പർക്കം
പുലർത്തുന്നുണ്ട്. ഇതുപ്രകാരം
കേരള സംസ്ഥാനത്തിന്റെ തമിഴ്നാട്
-കർണ്ണാടക എന്നീ അയൽ സംസ്ഥാനത്തെ
അതിർത്തി വന പ്രദേശങ്ങളിൽ നടക്കുന്ന
വനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ
തടയുന്നതിനും സംസ്ഥാനാന്തര കുറ്റവാളി
കളുടെ വിവരങ്ങൾ കൈമാറുന്നതിനും
വേണ്ടി കേരളത്തിലെയും തമിഴ്നാട് -
കർണ്ണാടക എന്നിവിടങ്ങളിലെയും
കൺസർവേറ്റർമാർ, ഡിവിഷണൽ ഫോറസ്റ്റ്
ഓഫീസർമാർ , വൈൽഡ്ലൈഫ്
വാർഡൻമാർ എന്നിവരുടെ നേതൃത്വത്തിൽ
വിവിധ സ്ഥലങ്ങളിൽ വച്ച് സംയുക്ത മീറ്റിംഗു
കൾ നടത്തുകയും അതാത് പ്രദേശങ്ങളിലെ
വനം-വന്യജീവി സംരക്ഷണ വിഷയങ്ങൾ
കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പരസ്പര
സഹകരണത്തിലൂടെ വനം കുറ്റങ്ങൾ
കണ്ടെത്തുന്നതിനും പ്രതികളെ പിടികൂടുന്ന
തിനും കൈമാറുന്നതിനും നടപടികൾ
തുടർന്നു വരുന്നു. ഇതിൻപ്രകാരം കുറ്റകൃത്യ
സാധ്യത മേഖലകളും വഴികളും
ഉൾക്കൊള്ളിച്ച രൂപടം, സ്ഥിരം കുറ്റവാളി
കളുടെ പേര് വിവരങ്ങൾ, വനകുറ്റകൃത്യം
നടക്കാൻ സാധ്യതയുള്ള മേഖലകളിലും
വഴികളിലും സംയുക്ത പട്രോളിംഗ് , വാർത്താ
വിനിമയ ശൃംഖല ശക്തിപ്പെടുത്തൽ.

(..3/-)

രഹസ്യവിവരങ്ങൾ പരസ്പരം കൈമാറൽ എന്നിവ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള അന്തർ സംസ്ഥാന വനാതിർത്തി പ്രദേശങ്ങളിൽ സംയുക്ത വനസംരക്ഷണം. വാർത്താ വിനിമയം സുഗമമാക്കൽ. വാക്കി ടോക്കി പരസ്പര കൈമാറൽ, സംയുക്ത കഞ്ചാവ് റെയ്ഡ് എന്നിവയും നടപ്പിലാക്കുന്നുണ്ട്. അന്തർ സംസ്ഥാന അതിർത്തി വ്യക്തമായി തിരിച്ചറിയാൻ പറ്റാത്ത സ്ഥലങ്ങളിൽ സർവെ നടത്തി വ്യക്തമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ—അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.739. 28.7.2007-ൽ മറുപടിയ്ക്ക്

## കല്ലുമ്മക്കായകൃഷി

**ചോദ്യം**

ശ്രീ.എം.പ്രകാശൻ മാസ്റ്റർ :
ശ്രീ.കെ.വി.അബ്ദുൾ ഖാദർ :
ശ്രീ.വി.എൻ.വാസവൻ :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :

**മറുപടി**

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കേരളജലകൃഷി വികസന ഏജൻസി (അഡാക്ക്) യുടെ നേതൃത്വത്തിൽ നടപ്പാക്കിയ കല്ലുമ്മക്കായ കൃഷി വിജയകരമായിരുന്നോ ; | (എ) അതെ. |
| (ബി) ഇതിന് ആവശ്യമായ സാങ്കേതികസഹായം അഡാക്ക് നൽകുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ചിപ്പിയിറച്ചിയുടെ പോഷകമൂല്യം സംബന്ധിച്ച് പ്രചാരം നൽകുന്നതിനും ഉപയോഗം വർദ്ധിപ്പിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കുമോ ; | (സി) സ്വയംസഹായസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കല്ലുമ്മക്കായ ശുദ്ധീകരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും അഡാക്ക്, കക്ക/ചിപ്പി ശുദ്ധീകരണ യൂണിറ്റ്, കക്ക/ചിപ്പി അച്ചാർ നിർമ്മാണ യൂണിറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |

| | |
|---|---|
| (ഡി) അധ്വാനത്തിന്റെ സഹായത്തോടെ എത്രപേരാണ് ഇപ്രാവശ്യം പ്രസ്തുത കൃഷി നടത്തിയത് ; | (ഡി) 8 തീരദേശ ജില്ലകളിലായി 213 വനിതാ സ്വയംസഹായസംഘങ്ങളിലൂടെ 3521 വനിതകളാണ് കല്ലുമ്മക്കായ കൃഷി നടത്തിയത്. |
| (ഇ) അടുത്ത കൃഷി എന്നാണ് ആരംഭിക്കുന്നത് ; കൂടുതൽ പേരെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ? | (ഇ) 2007 നവംബർ മാസത്തിൽ അടുത്ത കൃഷി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷം കല്ലുമ്മക്കായ കൃഷിയിലൂടെ ധനസഹായം വനിതാ സ്വയംസഹായസംഘങ്ങൾക്ക് മാത്രമാണ് നൽകിയിരുന്നത്. എന്നാൽ നവംബറിൽ ആരംഭിക്കുന്ന അടുത്ത സീസണിൽ പുരുഷസ്വയം സഹായസംഘങ്ങൾക്കുകൂടി ആനുകൂല്യം ലഭ്യമാക്കുന്നതാണ്. |

Rejaskhan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 740 26-07-2007 ൽ മറുപടിയ്ക്ക്

**മീറ്റർ, ഇലക്ട്രിക് പോസ്റ്റ് എന്നിവ വാങ്ങിയതിലെ ക്രമക്കേട്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>" എം. ചന്ദ്രൻ<br>" കെ.കെ. ദിവാകരൻ<br>" എ.സി.മൊയ്തീൻ<br>ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന് ആവശ്യമായ മീറ്റർ, ഇലക്ട്രിക് പോസ്റ്റ് എന്നിവ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വ്യക്തമാക്കുമോ; | (എ) വൈദ്യുതി ബോർഡിന് ആവശ്യമായ മീറ്ററുകൾ വാങ്ങുന്നതിന് മേഖലാടിസ്ഥാനത്തിൽ മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്നവർക്ക് ഓർഡർ നൽകി വിവിധ തരം ഉപഭോക്താക്കൾക്ക് ആവശ്യമായ മീറ്ററുകൾ വാങ്ങുന്ന നടപടി ക്രമമാണ് സ്വീകരിച്ചിരുന്നത്.<br>പൊതുമേഖലാ സ്ഥാപനമായ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന മീറ്റർ കമ്പനിയിൽ നിന്നും ആണ് സർക്കാർ അംഗീകരിക്കുന്ന നിരക്കിൽ ഇപ്പോൾ സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങുന്നത്. മറ്റു തരം മീറ്ററുകളും മത്സരാധിഷ്ഠിത ദർഘാസ് മുഖേനയാണ് വാങ്ങുന്നത്.<br>വൈദ്യുതി ബോർഡിന് അതതു കൊല്ലത്തേയ്ക്ക് ആവശ്യമായ ഇലക്ട്രിക് പോസ്റ്റുകൾക്കുവേണ്ടി സർക്കിൾ അടിസ്ഥാനത്തിൽ യാർഡുകൾ സ്ഥാപിച്ച് അവിടെ നിന്നും പോസ്റ്റുകൾ സപ്ലൈ ചെയ്യുന്നതിലേയ്ക്ക് മത്സരാധിഷ്ഠിത ദർഘാസ ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തുന്നവർക്കു ഓർഡർ നൽകി ഇലക്ട്രിക് പോസ്റ്റുകൾ വാങ്ങുകയും ചെയ്യുന്നു. ബോർഡിന്റെ സ്വന്തം പോൾ കാസ്റ്റിംഗ് യാർഡുകളിലും ദർഘാസ് മുഖേനയാണ് പോസ്റ്റുകൾ നിർമ്മിക്കുന്നതിനുള്ള ഓർഡർ നൽകുന്നത്. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവ വാങ്ങിയതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) & (ഡി) | പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിന് ഉത്തരവാദികൾ ആരൊക്കെയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | | |

കെ.കെ. ശൈലജ ടീച്ചർ

A

പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 741 — 26.07.07-ൽ മറുപടിക്ക്

**അഗസ്ത്യാർകൂടം വനപ്രദേശം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി. ജെ. അരുന്ധതി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) അഗസ്ത്യാർകൂടം വന പ്രദേശം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായുള്ള അഗസ്ത്യാർകൂടം വനപ്രദേശത്ത് വനം വകുപ്പ് ജീവനക്കാർ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റി അംഗങ്ങൾ, സംരക്ഷണ വാച്ചർമാർ എന്നിവർ പട്രോളിംഗ്, ക്യാമ്പിംഗ് എന്നിവ നടത്തി സംരക്ഷണം ഉറപ്പുവരുത്തുന്നു. കൂടാതെ ഫയർ സീസണിൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങളും നടത്താറുണ്ട്. സന്ദർശകരെ നിയന്ത്രിച്ചും, സന്ദർശകരോടൊപ്പം ആവശ്യമുള്ള ഗൈഡുകളെ നിയോഗിച്ചും ഈ വനപ്രദേശം സംരക്ഷിച്ചു വരുന്നു. |
| (ബി) ഇവിടെ ഇപ്പോൾ സന്ദർശകർക്ക് പ്രവേശനം അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; | (ബി) അഗസ്ത്യമലയിലേയ്ക്കുള്ള സന്ദർശക സീസൺ (ജനുവരി-ഫെബ്രുവരി) കഴിഞ്ഞാൽ വന സംരക്ഷണത്തിനായി ഉദ്യോഗസ്ഥർ പട്രോളിംഗിന് പോകുന്ന അവസരങ്ങളിൽ ഉദ്യോഗസ്ഥരോടൊപ്പം മാസത്തിൽ പരമാവധി രണ്ട് പ്രാവശ്യം സന്ദർശകരെ ഈ ഭാഗം സന്ദർശിക്കാൻ അനുവദിക്കുന്നുണ്ട്. ഇതിനായി പരമാവധി ഒരു ഗ്രൂപ്പിനോടൊപ്പം ട്രെക്കിംഗ് ഫീസ് വാങ്ങിക്കൊണ്ട് 5 പേരെയാണ് അനുവദിക്കാറുള്ളത്. ഇതിന് 3000 രൂപ ഫീസ് ആയി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റിക്ക് നല്കേണ്ടതാണ്. സന്ദർശക സീസണിൽ ഒരാളിൽ നിന്ന് 100 രൂപ ഈടാക്കിക്കൊണ്ടാണ് ഈ യാത്ര അനുവദിക്കാറുള്ളത്. |

ഈ 100 രൂപയിൽ സാങ്ച്വറി പ്രവേശന ഫീസ്, ഡോർമിറ്ററി ഉപയോഗിക്കുന്നതിനുള്ള ഫീസ്, ഗൈഡ് ഫീസ് എന്നിവ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (സി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കഴിഞ്ഞ വർഷം നടത്തിയ കണക്കെടുപ്പിൽ ഇവിടെയുള്ള ഔഷധ സസ്യങ്ങൾക്ക് വംശനാശം നേരിട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ ; | (സി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കഴിഞ്ഞ വർഷം ഇത്തരത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല. ഇവിടെയുള്ള ഔഷധ സസ്യങ്ങൾക്ക് വംശനാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇവിടെ നിന്നും ഔഷധ സസ്യങ്ങൾ മോഷ്ടിക്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | തമിഴ്നാട്ടിൽ നിന്നും അഗസ്ത്യാർകൂടത്തിലേക്കുള്ള പ്രവേശനം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുമോ ? | (ഇ) | തമിഴ്നാട്ടിൽ നിന്നും അഗസ്ത്യാർകൂടത്തിലേക്കുള്ള പ്രവേശനം തടയുന്നതിന് ഇന്റർ സ്റ്റേറ്റ് ബോർഡർ പട്രോളിംഗ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാട് ഉദ്യോഗസ്ഥരുമായി സമ്പർക്കം പുലർത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ

---

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 742 — 26.07.2007-ലെ മറുപടിക്ക്

## ഭൂഗർഭ വൈദ്യുതിവിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. കെ.ബാബു<br>ശ്രീ. കെ.അച്ചുതൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ. എ.കെ.ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുതി വിതരണ പദ്ധതി സംസ്ഥാന വൈദ്യുതി ബോർഡ് നേരിട്ടു നടപ്പിലാക്കുവാനാണോ ഉദ്ദേശിക്കുന്നത് ; | (എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗര പ്രദേശങ്ങളിൽ ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണപരിപാടി എ.പി.ഡി.ആർ.പി) യുടെ ഭാഗമായി ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ പദ്ധതി പ്രകാരം ട്രാൻസ്ഫോർമറുകളും 11. കെ.വി. ഭൂഗർഭ കേബിളുകളും സ്ഥാപിച്ചു വൈദ്യുതി വിതരണം കുറ്റമറ്റതാക്കാനുള്ള പ്രവർത്തികൾ നടപ്പിലാക്കാനാണ് സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) ഇതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികളെ പങ്കാളികളാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഈ പ്രവർത്തികൾ ബോർഡ് നേരിട്ട് ടേൺ കീ അടിസ്ഥാനത്തിലുള്ള കോൺട്രാക്ട് വഴിയാണ് നടപ്പിലാക്കുന്നത്. |
| (സി) തിരുവനന്തപുരം, കൊച്ചി കോഴിക്കോട് എന്നീ നഗരങ്ങളിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ പദ്ധതി പ്രകാരം ഭൂഗർഭ വൈദ്യുതി വിതരണം നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നത് ; | (സി) തിരുവനന്തപുരം, കൊച്ചി ,കോഴിക്കോട് എന്നീ ജില്ലകളിലെ നഗരാതിർത്തിക്കുള്ളിലെ എല്ലാപ്രദേശങ്ങളിലും (എ.പി.ഡി.ആർ.പി). ഫണ്ടിന്റെ ലഭ്യതക്ക് അനുസൃതമായി ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

---

(ഡി) ഇതിനായുള്ള പദ്ധതി എന്ന് ആരംഭിച്ച് എന്നേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(ഡി) 2007 മെയ് മാസം ആരംഭിച്ച ഈ പദ്ധതിയുടെ പ്രവർത്തികൾ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 30 മാസം കൊണ്ടും കോഴിക്കോട് നഗരത്തിൽ 20 മാസം കൊണ്ടും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ മൂന്നു നഗരങ്ങളിലെയും പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു.

(ഇ) സംസ്ഥാനത്തെ മറ്റ് നഗരപ്രദേശങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

(ഇ) സംസ്ഥാനത്തെ മറ്റ് നഗരപ്രദേശങ്ങളിൽ ഡിസ്ട്രിബ്യൂഷൻ ഓട്ടോമേഷൻ ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ എ.പി.ഡി.ആർ.പി. പദ്ധതി അനുസരിച്ച് നഗരപ്രദേശങ്ങളിലെ വിതരണ സംവിധാനം മെച്ചപ്പെടുത്തുവാനുള്ള 11 കെ.വി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകളും കപ്പാസിറ്ററുകളും സ്ഥാപിക്കൽ തുടങ്ങിയ പണികൾ ചെയ്തു തീർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 743 | 26.7.2007 ൽ മറുപടിക്ക്

## പ്രത്യേക സാമ്പത്തിക മേഖലകളിലെ നികുതി ഇളവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. യൂസഫ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. പി. കൃഷ്ണ പ്രസാദ്<br>ശ്രീ. ജോർജ് എം. തോമസ് | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) പ്രത്യേക സാമ്പത്തിക മേഖലകളിൽ എന്തെല്ലാം നികുതി ഇളവുകളാണ് നൽകുന്നത്; പ്രത്യേക സാമ്പത്തിക മേഖലകളിൽ നൽകേണ്ട നികുതി ഇളവുകൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാനസർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; | (എ) കേരളത്തിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതിചെയ്യുന്ന വ്യാവസായിക യൂണിറ്റിനോ മറ്റേതെങ്കിലും സ്ഥാപനത്തിനോ ഡെവലപ്പർക്കോ, കെട്ടിട നിർമ്മാണ സാമഗ്രികളുടെയോ വ്യാവസായിക അസംസ്കൃത വസ്തുക്കളുടെയോ ഘടകഭാഗങ്ങൾ, അനുബന്ധഭാഗങ്ങൾ എന്നിവ ഉൾപ്പെടെയുള്ള യന്ത്രോപകരണങ്ങൾ എന്നിവയുടെയോ വിൽപ്പനയെ മേൽപ്പടി ഇനങ്ങൾ പ്രസ്തുത യൂണിറ്റ് സജ്ജീകരിക്കുന്നതിനോ, മററു സാധനങ്ങളുടെ നിർമ്മാണത്തിനോ ഉപയോഗിക്കുകയാണെങ്കിൽ ചില നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി കേരള മൂല്യ വർദ്ധിത നികുതി നിയമം 2003 ലെ വകുപ്പ് 6(7) (ബി) പ്രകാരം നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>പ്രത്യേക സാമ്പത്തിക മേഖലകളിൽ നൽകേണ്ട നികുതി ഇളവുകൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| (ബി) ഓരോ സംസ്ഥാനത്തിനും ഇക്കാര്യത്തിൽ വ്യത്യസ്ത തീരുമാനം എടുക്കാൻ കഴിയുമോ; | (ബി) കഴിയും |
| (സി) ആഭ്യന്തര വിപണിയിലെത്തുന്ന സാധനങ്ങൾക്കും നികുതി ഇളവ് നൽകണമെന്ന നിർദ്ദേശത്തോടുള്ള അഭിപ്രായം വ്യക്തമാക്കുമോ? | (സി) പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും ആഭ്യന്തര വിപണിയിലെത്തുന്ന സാധനങ്ങൾക്ക് നികുതി ഇളവ് നൽകാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.744. 26.7.2007-ൽ മറുപടിയ്ക്ക്

**മത്സ്യകയറ്റുമതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.സെൽവരാജ് :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.പി.വിശ്വൻ : | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) മത്സ്യോല്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളം പിന്നോട്ട് പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ; | (എ) കഴിഞ്ഞ 4 വർഷമായി കേരളത്തിൽനിന്നും കയറ്റി അയയ്ക്കുന്ന മത്സ്യോല്പന്നങ്ങളുടെ അളവിലും വിലയിലും വർദ്ധനവുണ്ടായതായി എം.പി.ഇ.ഡി.എ. യുടെ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു. |
| (ബി) എന്തെല്ലാം മത്സ്യങ്ങളാണ് ഇപ്പോൾ കൂടുതലായി കയറ്റി അയയ്ക്കുന്നത് ; | (ബി) ശീതീകരിച്ച ചെമ്മീൻ, ശീതീകരിച്ച കണവ, ശീതീകരിച്ച കൂന്തൽ, ശീതീകരിച്ച മത്സ്യം, ഉപ്പിട്ട മത്സ്യം, ഉണക്ക മത്സ്യം, പച്ച മത്സ്യം. |
| (സി) കയറ്റി അയയ്ക്കുന്ന ചെമ്മീനിന്റെ അളവ് കുറയാൻ കാരണമെന്തെന്ന് വിശദമാക്കുമോ ? | (സി) ചെമ്മീനിന്റെ അളവ് കുറയാനുള്ള പ്രധാന കാരണം പ്രകൃതിദത്തമായും കൃഷിയിലൂടെയും ചെമ്മീനിന്റെ ലഭ്യതയിലെ കുറവ് ആണ്. കൂടാതെ അമേരിക്കൻ ഗവൺമെന്റ് ഇന്ത്യൻ ചെമ്മീനിൽ ഏർപ്പെടുത്തിയിരിക്കുന്ന 'ആന്റി ഡമ്പിംഗ് ഡ്യൂട്ടി' യു.എസ്.എ.യിലേക്ക് കയറ്റി അയയ്ക്കുന്ന ചെമ്മീനിന്റെ അളവ് കുറയാൻ കാരണമാകുന്നു. കൂടാതെ ചെമ്മീനിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ, ട്യൂണ തുടങ്ങിയ മത്സ്യങ്ങളിലേക്ക് കയറ്റുമതി വൈവിധ്യവൽക്കരിച്ചതും (Diversification) ഒരു പ്രധാനകാരണമാണ്. |

Rajasekhar

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 745 — 26-07-2007 ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുതി ചാർജ് കളക്ഷൻ സെന്ററുകൾ

| ചോദ്യം<br>ശ്രീ. കെ.ശിവദാസൻ നായർ<br>എൻ.ശക്തൻ<br>വി.ഡി .സതീശൻ | മറുപടി<br>ശ്രീ.എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുതി ചാർജ് കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് നിർദ്ദേശിച്ചിരിക്കുന്നത്; | (എ) & (ബി) ഇപ്പോൾ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസോ, സബ് എഞ്ചിനീയർ ഓഫീസോ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ വാടക ഇല്ലാതെ കെട്ടിട സൗകര്യം ലഭ്യമാക്കുകയാണെങ്കിൽ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം കളക്ഷൻ സെന്ററുകൾ ആരംഭിക്കുന്ന കാര്യം ബോർഡ് പരിശോധിച്ചു വരുകയാണ്. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | |
| (സി) ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ മൊബൈൽ വൈദ്യുത ചാർജ് കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 746 — 26.07.2007-ലെ മറുപടിക്ക്

### അന്യസംസ്ഥാന ലോട്ടറികളുടെ മേൽ നിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ഡോ. ടി.എം. തോമസ് ഐസക് <br> ധനകാര്യ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് വില്പന നടത്തുന്ന അന്യസംസ്ഥാന പേപ്പർ ലോട്ടറികളുടെമേൽ സംസ്ഥാന ഗവൺമെന്റിന് ഇപ്പോൾ എന്തെങ്കിലും നിയന്ത്രണമുണ്ടോ<br><br>ബി) എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഉള്ളത് | എ & ബി<br>കേന്ദ്ര ലോട്ടറി നിയമത്തിലെ സെക്ഷൻ 4 അനുസരിച്ചുവേണം ലോട്ടറി നടത്തുവാൻ. സംസ്ഥാന നിയമസഭ പാസ്സാക്കിയ കേരളാ ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട് അനുശാസിക്കുന്നതും കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമത്തിലെ വകുപ്പ് 4 അനുസരിച്ചാണ് ലോട്ടറി നടത്തേണ്ടത് എന്നാണ്. അന്യസംസ്ഥാന ലോട്ടറികൾ ഈ നിയമം ലംഘിക്കുന്നുവെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയതിനെ തുടർന്നാണ് രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നോട്ടീസ് നൽകിയത്. ഇതിനെതിരെ ലോട്ടറി നടത്തിപ്പുകാർ കേരള ഹൈക്കോടതിയിൽ ഹർജി നൽകി. സിംഗിൾ ബെഞ്ചിൽ ഇവർ ലോട്ടറി നിയമം ലംഘിക്കുന്നു എന്ന സംസ്ഥാന സർക്കാരിന്റെ വാദം അംഗീകരിക്കപ്പെട്ടു. എന്നാൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ വന്നപ്പോൾ സെക്ഷൻ 4 ലംഘനത്തിനെതിരെ ലോട്ടറികൾക്കെതിരായി നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല എന്ന് കേന്ദ്ര സർക്കാർ അഭിഭാഷകൻ കോടതിയിൽ നിലപാട് സ്വീകരിച്ചതിനെതുടർന്ന് ഡിവിഷൻ ബെഞ്ചിൽ സർക്കാരിന് തിരിച്ചടിയുണ്ടായി. ഇതിനെതിരായി സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്. നിയമലംഘനത്തിനെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ലോട്ടറി നിയമ ലംഘകർക്കെതിരെ ക്രിമിനൽ കേസ് എടുക്കുകയില്ല എന്ന് മുൻ സർക്കാരിന്റെ കാലത്ത് സുപ്രീം കോടതിയിൽ നൽകിയ അഫിഡവിറ്റിന് ആധാരമായ തീരുമാനം റിവ്യൂ ചെയ്യുന്നതിന് കേസ് ശക്തമായി നടത്തുവാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| സി) ലോട്ടറി നികുതി ഈടാക്കേണ്ട ഒരു വില്പന വസ്തുവല്ല എന്ന സുപ്രീം കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | സി) ഉണ്ട് |

| | | | |
|---|---|---|---|
| ഡി) | ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യലോട്ടറി വിതരണക്കാർ ലോട്ടറിയിന്മേൽ നികുതി ചുമത്തുന്നതിനെ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ | ഡി) | കെ.ജി.എസ്.ടി. ആക്ട് പ്രകാരം ലോട്ടറിയെ ചരക്കായി കണക്കാക്കി നികുതി നിർണ്ണയം നടത്തിയതിനെതിരെയും 5 ബി എ പ്രകാരം ലൈസൻസ് ഫീ ചുമത്തിയതിനെയും ലോട്ടറി വിതരണക്കാർ ചോദ്യംചെയ്തിരുന്നു. സുപ്രീം കോടതിയുടെ സൺറൈസ് അസോസിയേറ്റ്സ് കേസിലെ വിധിയെ അടിസ്ഥാനമാക്കി ബഹു.കേരള ഹൈക്കോടതി കെ.ജി.എസ്.ടി. ആക്ടിലെ 5 ബി എ നിയമം ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെതിരെ സംസ്ഥാന ഗവൺമെന്റ് സ്പെഷൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| ഇ ) | ഈ കേസ്സ് സ്വകാര്യ ലോട്ടറി വില്പനക്കാർക്ക് അനുകൂലമായിവരുന്ന പക്ഷം പ്രതിവർഷം എന്തു തുകയുടെ നഷ്ടം സംസ്ഥാനത്തിനുണ്ടാകുമെന്ന് അറിയിക്കുമോ? | ഇ) | കെ.ജി.എസ്.ടി. പ്രകാരമുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനാകാതെവരും. 01.04.05 മുതൽ കേരള ടാക്സ് ഓൺ പേപ്പർ ലോട്ടറീസ് ആക്ട്പ്രകാരമാണ് നികുതി പിരിക്കുന്നത്. പ്രസ്തുത നിയമപ്രകാരം ലോട്ടറിയെ ചരക്കാക്കി കണക്കാക്കിയല്ല; മറിച്ച് നറുക്കെടുപ്പിൻമേലാണ് നികുതി ചുമത്തിയിട്ടുള്ളത്. പേപ്പർ ലോട്ടറികളിൽനിന്നും ഇപ്രകാരമാണ് നികുതി പിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 747 — 26.07.2007 ൽ മറുപടിയ്ക്ക്

ഖരമാലിന്യങ്ങളിൽ നിന്ന് വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. യു.സി. രാമൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഖരമാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (എ)യും (ബി)യും | ഉണ്ട്. അറവുശാലാ മാലിന്യം, മാർക്കറ്റിൽ നിന്നുള്ള മാലിന്യം, മനുഷ്യ വിസർജ്ജ്യം എന്നിവ ഉപയോഗിച്ച് ഗ്യാസ് ഉല്പാദിപ്പിച്ച് അതുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ട്. മാർക്കറ്റുകൾ, ഹോസ്പിറ്റലുകൾ, കോളനികൾ തുടങ്ങി ഇത്തരം മാലിന്യങ്ങൾ ധാരാളം ലഭ്യമാകുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കുക. ലഭ്യമാകുന്ന മാലിന്യത്തിന്റെ അളവനുസരിച്ചാണ് ബയോഗ്യാസ് പ്ലാന്റുകളുടെ വലിപ്പം നിർണ്ണയിക്കുക. ഇതിൽ നിന്നും ലഭ്യമാകുന്ന ഗ്യാസ് ഉപയോഗിച്ച് ജനറേറ്റർ പ്രവർത്തിപ്പിച്ചാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | ഇതര രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഖരമാലിന്യങ്ങളിൽ നിന്നും ചെലവ് കുറഞ്ഞ രീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി)യും (ഡി)യും | ചെലവുകുറഞ്ഞ പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈദ്യുതി ഉല്പാദനം മാത്രം കണക്കിലെടുക്കുമ്പോൾ ഇത്തരം പദ്ധതികളിൽ നിന്നും ചെലവു കുറഞ്ഞ രീതിയിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുകയില്ല. എന്നാൽ മാലിന്യ നിർമ്മാർജ്ജനം കണക്കിലെടുക്കുമ്പോൾ ചെലവ് ന്യായീകരിക്കാവുന്നതാണ്. ആയതിനാൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) | എങ്കിൽ ഇത് കേരളത്തിലും നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ? | | |

anilfred.T

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ--അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.748. 26.7.2007-ൽ മറുപടിക്ക്

## സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയുടെ തകർച്ച

ചോദ്യം

പ്രൊഫ.കെ.വി.തോമസ് :
ശ്രീ.ടി.എൻ.പ്രതാപൻ :
ശ്രീ.വർക്കല കഹാർ :
ശ്രീ.സി.പി.മുഹമ്മദ് :

മറുപടി

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് സമുദ്രോല്പന്ന കയറ്റുമതി മേഖല തകർച്ചയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കഴിഞ്ഞ 4 വർഷങ്ങളായി കേരളത്തിലെ തുറമുഖങ്ങൾ (കൊച്ചി, തിരുവനന്തപുരം) വഴി കയറ്റുമതി ചെയ്യുന്ന സമുദ്രോല്പന്നങ്ങളുടെ അളവിലും വിലയിലും വർദ്ധനവുണ്ടായതായി എം.പി.ഇ.ഡി.എ. യുടെ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ രൂപയുടെ മൂല്യത്തിലുണ്ടായ വ്യതിയാനംമൂലം ചെമ്മീൻ കയറ്റുമതിയിൽ നിന്നുള്ള വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (ബി) രൂപയുടെ മൂല്യത്തിലുണ്ടായ വ്യതിയാനംമൂലം ഈ മേഖല നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ കേന്ദ്ര ഇടപെടൽ സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ചെമ്മീൻ കയറ്റുമതിയിൽ ഈ വർഷം ഇതുമൂലം എത്ര രൂപയുടെ കുറവ് വന്നിട്ടുണ്ട് ; | (സി) 2007-08 വർഷം ഏപ്രിൽ, മേയ് മാസത്തിൽ കേരളത്തിൽ നിന്നുള്ള ചെമ്മീൻ കയറ്റുമതിയിൽ 2006-07 വർഷത്തെ അപേക്ഷിച്ച് 34.62 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. |
| (ഡി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കേന്ദ്ര വാണിജ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്. |

Rajasekhar
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ 749 — 26.7.07- ൽ മറുപടിയ്ക്ക്

## കാലാവസ്ഥക്കനുയോജ്യമായ ഭവനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്ജ് : | ശ്രീ.ബിനോയ് വിശ്വം (വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| എ) ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഉൾപ്പെടെയുള്ള സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) നടപടി സ്വീകരിക്കുന്നതാണ്. |
| ബി) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിവിധ സ്കീമുകളിലായി നിർമ്മിച്ചു നൽകിയിട്ടുള്ള വീടുകൾ താമസയോഗ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) താമസയോഗ്യമല്ലായെന്നുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടില്ല. എങ്കിലും മുൻകാലങ്ങളിൽ ഹൗസിംഗ് ബോർഡ് വിവിധ സ്കീമുകളിലായി നിർമ്മിച്ചു നല്കിയ വീടുകളെ സംബന്ധിച്ച് ചില അലോട്ടികളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) വേനൽക്കാലത്തും മഴക്കാലത്തും താമസിക്കുവാൻ പര്യാപ്തമായ നിലയിൽ ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുവാൻ ഹൗസിംഗ് ബോർഡിന് നിർദ്ദേശം നൽകുമോ? | സി) വേനൽക്കാലത്തും മഴക്കാലത്തും താമസിക്കുവാൻ പര്യാപ്തമായ നിലയിലുള്ള വീടുകളാണ് ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 750 — 26.07.2007 ൽ മറുപടിയ്ക്ക്

## കാർഷിക-ജൈവ വസ്തുക്കളിൽ നിന്നും വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ. ജയരാജ് | ശ്രീ. എ. കെ. ബാലൻ<br>പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി |

(എ) കാർഷിക-ജൈവ വസ്തുക്കളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഏതെങ്കിലും പഠനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(എ) കാർഷിക ജൈവ വസ്തുക്കളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച് അനെർട്ട് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പഠനം നടത്തിയിട്ടുണ്ട്. ജില്ലതോറും തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| | |
|---|---|
| കാസർഗോഡ് | - ഹൊസ്ദുർഗ്ഗ് |
| കണ്ണൂർ | - തളിപ്പറമ്പ് |
| തൃശൂർ | - ചാവക്കാട് |
| മലപ്പുറം | - നിലമ്പൂർ |
| പാലക്കാട് | - ആലത്തൂർ |
| എറണാകുളം | - പറവൂർ, കണയന്നൂർ |
| കോട്ടയം | - മീനച്ചിൽ |
| കൊല്ലം | - കൊല്ലം, കൊട്ടാരക്കര |
| തിരുവനന്തപുരം | - ചിറയിൻകീഴ് |
| ആലപ്പുഴ | - ചേർത്തല |
| കോഴിക്കോട് | - കോഴിക്കോട് |

ഈ പഠനത്തിൽ നിന്നും 50 MW വൈദ്യുതി ഉല്പാദിപ്പിക്കാം എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) ജൈവ വസ്തുക്കളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ?

(ബി) ജൈവ വസ്തുക്കളിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും ജൈവ വാതക പ്ലാന്റിൽ നിന്നും വൈദ്യുതി ഉല്പാദനത്തിനും ബയോമാസ് ഗ്യാസിഫിക്കേഷനും അനെർട്ട് സബ്സിഡി പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി.

വരുന്നു. ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ സർക്കാരിന്റെ **03.04.2002** ലെ ജി.ഒ (എം.എസ്)നം.**16/2002**/ഊർജ്ജ് ഉത്തരവു പ്രകാരം സംസ്ഥാനത്തിൽ "Kerala **Renewable Energy Policy**" രൂപ പ്രഖ്യാപിക്കുകയുണ്ടായി. **11**-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഇത്തരം പദ്ധതികൾ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുക.

Wilfred. T

സെക്ഷൻ ഓഫീസർ